പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2007 **26-10-2026-ൽ മറുപടിയ്ക്ക്**

എടക്കര ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടനിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന എടക്കര ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ National Ayush Mission (NAM)-ൽ നിന്നും ആവശ്യമായ തുക വകയിരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

മറുപടി: എടക്കര സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനായി 09/12/2021 ലെ G.O.(Rt) No. 512/2021/AYUSH നമ്പർ ഉത്തരവ് പ്രകാരം ₹250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ₹60 ലക്ഷം രൂപ ചെലവഴിച്ച് ഐ.പി. (IP) ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ആയതിന്റെ ഉദ്ഘാടനം 03.11.2025-ൽ നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പുതിയ ഒ.പി. (OP) ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അധിക തുക ആവശ്യമായതിനാൽ, 2027-28 സാമ്പത്തിക വർഷത്തേക്കുള്ള നിർമ്മാണപ്രവൃത്തികൾക്കായുള്ള പ്ലാൻ പ്രൊപ്പോസലിൽ ടി പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ അഡീഷണൽ വർക്കുകൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് സമർപ്പിച്ച ₹50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

നാഷണൽ ആയുഷ് മിഷന്റെ അടുത്ത വർഷത്തെ സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ (SAAP) ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇപ്രകാരം ലഭ്യമാകുന്ന തുക ഉപയോഗിച്ച് പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ